പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6780 | 10.07.2014- ൽ മറുപടിക്ക് |

## <u>അനലിറ്റിക്കൽ ലാബുകൾക്ക് എൻ. എ. ബി. എൽ. അക്രഡിറ്റേഷൻ</u>

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. ലൂഡി ലൂയിസ്<br>" അൻവർ സാദത്ത്<br>" കെ. മുരളീധരൻ<br>" ബെന്നി ബെഹനാൻ | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | അനലറ്റിക്കൽ ലാബുകളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിന്റെ ഭാഗമായി എൻ.എ.ബി. എൽ അക്രഡിറ്റേഷൻ ലഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | എ) | NABL അക്രഡിറ്റേഷനു വേണ്ടിയുള്ള നടപടികൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. NABL അക്രഡിറ്റേഷൻ നടപടികൾ പൂർത്തീകരിക്കുന്നതിന് 2012-13 ബഡ്ജറ്റിൽ സംസ്ഥാന സർക്കാർ 35.35 ലക്ഷം രൂപയും 2013-14 ബഡ്ജറ്റിൽ 40 ലക്ഷം രൂപയും വകയിരുത്തിയിരുത്തിയിട്ടുള്ളതാണ്. ആയത് സംബന്ധിച്ച തുടർനടപടി സ്വീകരിക്കുന്നതിലേക്കായി Consultant നെ നിയമിക്കേണ്ടതുണ്ട്. ഈ വിഷയം സർക്കാരിന്റെ പരിഗണനയിലാണ്. |
| ബി) | ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം; | ബി) | 2006 ലെ ഭക്ഷ്യസുരക്ഷാ നിലവാര നിയമത്തിൽ ഭക്ഷ്യസാധനങ്ങൾ പരിശോധിച്ച് സർട്ടിഫൈ ചെയ്യേണ്ട അനലറ്റിക്കൽ ലാബുകൾ NABL അക്രഡിറ്റേഷൻ നിലവാരമുള്ളതായിരിക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. പ്രസ്തുത സാഹചര്യത്തിലാണ് NABL അക്രഡിറ്റേഷൻ നടപടിയുമായി മുന്നോട്ടുപോകുന്നത്. |
| സി) | ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത്; വിശദമാക്കുമോ? | സി) | ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ ഓഫീസും സർക്കാരുമായി ചേർന്നാണ് പദ്ധതി നടപ്പിലാക്കേണ്ടത്. കുടാതെ ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻറേഡ്സ് അതോറിറ്റി ഓഫ് ഇൻഡ്യയും ആയത് നടപ്പാക്കുന്നതിനായി സഹായ വാഗ്ദാനം നൽകിയിട്ടുണ്ട്. ആയത് സംബന്ധിച്ച മാനദണ്ഡങ്ങളും തുടർ നിർദ്ദേശങ്ങളും ലഭിച്ചിട്ടില്ല. |
| ഡി) | ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ? | ഡി) | NABL അക്രഡിറ്റേഷൻ നടപടികൾ പൂർത്തീകരിക്കുന്നതിന് 2012-13 ബഡ്ജറ്റിൽ സംസ്ഥാന സർക്കാർ 35.35 ലക്ഷം രൂപയും 2013-14 ബഡ്ജറ്റിൽ 40 ലക്ഷം രൂപയും വകയിരുത്തിയിരുത്തിയിട്ടുള്ളതാണ്. ആയത് സംബന്ധിച്ച തുടർനടപടി സ്വീകരിക്കുന്നതിലേക്കായി Consultant നെ നിയമിക്കേണ്ടതുണ്ട്. ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. |

**സെക്ഷൻ ഓഫീസർ**